| | |
|---|---|
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| പാലക്കാട് | 4 |
| വയനാട് | ഇല്ല |
| കാസർകോട് | 7 |
| കണ്ണൂർ | 15 |
| കോഴിക്കോട് | 1 |
| തൃശ്ശൂർ | 1 |
| മലപ്പുറം | 6 |

**എലത്തൂർ പഞ്ചായത്തിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ**

26 (4186) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ചെറുകിട വ്യവസായങ്ങൾ പ്രവർത്തന ക്ഷമമാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 137 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ 110 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

**ആട്ടോ മൊബൈൽ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ**

27 (4187) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

(ബി) ജനപ്രതിനിധികൾ ഉൾപ്പെടെ ആലപ്പുഴ ജില്ലയിലെ ജനകീയ അഭിപ്രായം മാനിച്ച് ആലപ്പുഴ തീരപ്രദേശത്തെ കരിമണൽ ഖനന നടപടി ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ദേശീയ നയത്തിനനുസൃതമായി സംസ്ഥാന സർക്കാർ കരിമണൽ ഖനന നയം രൂപീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് ലീബിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ച അപേക്ഷകളിൽ ഖനന നയത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ളവ കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുവാദത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. ആലപ്പുഴ തീരദേശത്തെ കരിമണൽ ഖനനത്തെക്കുറിച്ച് തദ്ദേശവാസികളും രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും ഉയർത്തിയ ആശങ്ക ദൂരീകരിക്കുന്നതിനായി, ഖനനംമൂലം ഉണ്ടാകുമെന്ന് ആശങ്ക പ്രകടിപ്പിക്കപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. ആറാട്ടുപുഴ, തുക്കുന്നപ്പുഴ പഞ്ചായത്തുകളിൽ ടി വിദഗ്ദ്ധ സമിതി പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വ്യവസ്ഥകൾക്കു വിധേയമായി ഖനനപ്രവർത്തനം നടത്തുകയാണെങ്കിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നും, ചാകരയെ ബാധിക്കില്ലെന്നും ഇതുമൂലം തദ്ദേശവാസികൾക്കോ മത്സ്യത്തൊഴിലാളികൾക്കോ, ജീവനും സ്വത്തിനും യാതൊരുവിധ ഭീഷണിയും ഉണ്ടാവുകയില്ല എന്നും കമ്മിറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ മാത്രമേ മൈനിംഗ് ലീസ് നൽകുന്നകാര്യം പരിഗണിക്കുകയുള്ളൂ.

**കരിമണൽ ഖനനം സംബന്ധിച്ച സർക്കാർ നിലപാട്**

**28 (4128)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരിമണൽ ഖനനം സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

ആലപ്പുഴ തീരത്തെ കരിമണൽ ഖനനം സംബന്ധിച്ച് പരാതികൾ ഉയർന്ന സാഹചര്യത്തിൽ ഒരു വിദഗ്ദ സമിതിയെക്കൊണ്ട് ഈ തിരത്തെ കരിമണൽ ഖനനത്തെപ്പറ്റി പഠനം നടത്താൻ ഉദ്ദേശിക്കുന്നു.

**ധാതുമണൽ ഖനനം ചെയ്യുന്നതിന് നിലവിലുള്ള റോയൽറ്റി**

**29 (4129)** ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധാതുമണൽ ഖനനം ചെയ്യുന്നതിനുള്ള അവകാശം ഏതെല്ലാം മേഖലകൾക്കുവേണ്ടി പരിമിതപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ അവകാശം നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly